"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -വയനാട് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്റ്റ് നമ്പർ 249/20. എടവക ഗ്രാമപഞ്ചായത്തിലെ ദീപ്തഗിരി ക്ഷീരസംഘത്തിന് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്ന പദ്ധതിക്ക് അനുമതി നനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.690/2020/LSGD തീയതി,തിരുവനന്തപുരം, 20/03/2020

---

പരാമർശം:- 1 വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01/01/2020-ലെ കത്ത്.

2 25/02/2020-ലെ കോർഡിനേഷൻ കമ്മിറ്റി തീരുമാനം നമ്പർ 4.45

**ഉത്തരവ്**

വയനാട് ജില്ലാ പഞ്ചായത്ത് 2019-20ൽ എടവക ഗ്രാമപഞ്ചായത്തിലെ ദീപ്തഗിരി ക്ഷീരോൽപാദക സഹകരണ സംഘത്തിന് ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ അടങ്കലോടുകൂടി 249/20 എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ക്ഷീരോൽപാദക സഹകരണ സംഘം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മുകളിലാണ് ഫെസിലിറ്റേഷൻ സെന്റർ പണിയാൻ തീരുമാനിച്ചിരിക്കുന്നത്. സംഘം കെട്ടിടം വിട്ടുനൽകാൻ തയ്യാറല്ല എങ്കിലും ക്ഷീര കർഷകരടക്കം എല്ലാവർക്കും പ്രയോജനപ്പെടുമെന്നതിനാൽ ആയതിന് അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ അപേക്ഷിച്ചിരുന്നു.

പരാമർശം (2) പ്രകാരം സംസ്ഥാന തല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയിൽ അപേക്ഷ വിശദമായി പരിശോധിച്ച് ആകെ നിർമ്മാണചെലവിന്റെ 80 ശതമാനം മാത്രം ചെലവഴിക്കുന്നതിന് (മാർഗ്ഗരേഖ പ്രകാരമുള്ള) അനുമതി നൽകുന്നതിന് തീരുമാനിച്ചിരുന്നു.

ഈ സാഹചര്യത്തിൽ വയനാട് ജില്ലാ പഞ്ചായത്തിലെ എടവക ഗ്രാമപഞ്ചായത്തിലെ ദീപ്തഗിരി ക്ഷീരോൽപാദക സഹകരണ സംഘത്തിന് ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ (പത്ത് ലക്ഷം രൂപ മാത്രം) അടങ്കലോടുകൂടിയ 249/20 എന്ന പദ്ധതിക്ക് ആകെ നിർമ്മാണചെലവിന്റെ 80 ശതമാനം മാത്രം ചെലവഴിക്കുന്നതിന് (മാർഗ്ഗരേഖ പ്രകാരമുള്ള) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

സെക്രട്ടറി/പ്രസിഡന്റ്, വയനാട് ജില്ലാ പഞ്ചായത്ത്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട് ജില്ല.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ